**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ.3538** 17.12.2015-ൽ മറുപടിനൽകേണ്ടിയിരുന്നത്

**എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജെയിംസ് മാത്യു** | **ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കേരളത്തിൽ ഏതെങ്കിലും സർക്കാർ വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംങ് (ഇ.ആർ.പി) നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലും എതെല്ലാം സ്ഥാപനങ്ങളിലുമെന്ന് വ്യക്തമാക്കുമോ ; | (ബി) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിൽ ഇപ്പോൾ ഇ.ആർ.പി. സംവിധാനം നിലവിലുണ്ട്.<br><br>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ ഭാഗീകമായി ഇ.ആർ.പി. നടപ്പാക്കിയിട്ടുണ്ട്.<br><br>കേരളാ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിലും (കെ.എസ്.ഐ.ഡി.സി.) ഇ.ആർ.പി. നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കെൽട്രോണിൽ സ്വന്തമായി വികസിപ്പിച്ച ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്ന തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സബ്സിഡിയറി യൂണിറ്റായ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിലും ഇ.ആർ.പി. നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**(സി)** ആയത് നടപ്പാക്കിയ ഓരോ വകുപ്പിലും സ്ഥാപനത്തിലും ഏത് കമ്പനി വഴിയാണ് നടപ്പാക്കിയതെന്നും ഓരോ സ്ഥലത്തും എത്ര തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ ?

**(സി)** മലബാർ സിമൻറ്സിൽ 2007 ൽ കെൽട്രോൺ വഴി ആണ് ഇ.ആർ.പി. നടപ്പിലാക്കിയത്. ഇ.ആർ.പി. സോഫ്റ്റ് വെയറിനു 40 ലക്ഷം രൂപയും ഇ.ആർ.പി. നടപ്പാക്കുന്നതിന് 50 ലക്ഷം രൂപയുമാണ് ചെലവായത്.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ സിയോൺ സൊലൂഷൻസ്, എറണാകുളം വഴിയാണ് ഇ.ആർ.പി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മൊത്തം തുകയായ 24 ലക്ഷം രൂപയിൽ 12 ലക്ഷം രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. യിൽ സി.എം.സി. ലിമിറ്റഡ് എന്ന കമ്പനിയെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനായി ഇതുവരെ 136 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ